കാലിക്കറ്റ് സർവ്വകലാശാല

ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

31879/DOA-ASST-4/2025/Admn   10.04.2025

<u>പത്രക്കുറിപ്പ്</u>

<u>എം.ബി.എ 2025 ഫുൾ ടൈം/ പാർട്ട് ടൈം പ്രവേശനത്തിന് അപേക്ഷ തീയതി നീട്ടി</u>

കാലിക്കറ്റ് സർവ്വകലാശാല കോമേഴ്സ് ആന്റ് മാനേജ് മെന്റ് സ്റ്റഡീസ് പഠനവകുപ്പ്, സർവ്വകലാശാല സ്വാശ്രയ സെന്ററുകൾ (ഫുൾ ടൈം/പാർട്ട് ടൈം), സ്വാശ്രയ കോളേജുകൾ (ഓട്ടണമസ് ഒഴികെ) എന്നിവയിൽ 2025 വർഷത്തെ എം.ബി.എ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി 2025 ഏപ്രിൽ 21 വൈകുന്നേരം 4.00 മണി വരെ നീട്ടിയിരിക്കുന്നു.

സ്വാശ്രയ കോളേജുകളിലെ മാനേജ് മെന്റ് ക്വോട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും നിശ്ചിത ഫീസടച്ച് ഓൺലൈൻ രജിസ്റ്റർ ചെയ്യണം. ഓട്ടണമസ് കോളേജിൽ പ്രവേശനം അഗ്രഹിക്കുന്നവർ കോളേജിൽ നേരിട്ട് അപേക്ഷ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ബിരുദ യോഗ്യത മാർക്ക് ലിസ്റ്റ്/ഗ്രേഡ് കാർഡിന്റെ ഒറിജിനൽ പ്രവേശനം അവസാനിക്കുന്നതിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ KMAT 2025/CMAT 2025/ CAT 2024 യോഗ്യത നേടിയിരിക്കണം.

വിശദവിവരങ്ങൾക്ക് വെബ്സൈറ്റിൽ (www.admission.uoc.ac.in) പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസ് കാണുക.

ഫോൺ : 0494 2407017, 2407016. 2660600

Dr.Sebastian C.D

Director, DOA

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)